ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:26.09.2025**

## പ്രധാനവാർത്തകൾ

1. മിഗ്-21 യുദ്ധവിമാനങ്ങൾക്ക് രാജ്യത്തിന്റെ വീരോചിതമായ വിട. ഇന്ത്യയുടെ അഭിമാനമാണ് മിഗ്-21 വിമാനങ്ങളെന്ന് രാജ്യരക്ഷാ മന്ത്രി രാജ് നാഥ് സിങ്.

2. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട്, കർഷകരുടെ പ്രശ്നങ്ങൾ പഠിക്കാൻ എത്തിയ കേന്ദ്ര സംഘം പാലക്കാട് ജില്ലയിൽ സന്ദർശനം പൂർത്തിയാക്കി.

3. രാജ്യവ്യാപകമായി 4-ജി സേവനങ്ങൾ നാളെ മുതൽ ലഭ്യമാക്കാനൊരുങ്ങി ബി.എസ്.എൻ.എൽ.

4. പൂജവെയ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഈ മാസം 30 ന് പൊതു അവധി.

5. കേരളത്തിൽ അതിശക്തമായ മഴ തുടരുന്നു. നാല് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

6. ഏഷ്യാ കപ്പ് ക്രിക്കറ്റ് സൂപ്പർ ഫോറിൽ ഇന്ത്യ ഇന്ന് ശ്രീലങ്കയെ നേരിടും

RNU TVPM

## മിഗ്-21

മിഗ്-21 യുദ്ധവിമാനങ്ങൾക്ക് വിട നൽകി ഇന്ത്യൻ വ്യോമസേന. 60 വർഷം നീണ്ട ഐതിഹാസിക സേവനങ്ങൾക്ക് ശേഷമാണ് മിഗ്-21 വ്യോമസേനയോട് യാത്ര പറഞ്ഞത്. ഇന്തോ-പാക് യുദ്ധത്തിലടക്കം നിർണായക സംഭാവന നൽകിയ മിഗ്-21 രാജ്യത്തിൻറെ അഭിമാനമാണെന്ന് ചടങ്ങിൽ പങ്കെടുത്ത രാജ്യരക്ഷാ മന്ത്രി രാജ് നാഥ് സിങ്ങ് പറഞ്ഞു. വ്യോമസേനാ മേധാവി എയർ ചീഫ് മാർഷൽ എ.പി സിങ്ങ് മിഗ്-21 ൻറെ അവസാന പറക്കലിന് നേതൃത്വം നൽകി. സംയുക്ത സേനാ മേധാവി അനിൽ ചൗഹാനും, മറ്റ് സേനാ മേധാവിമാരും ചടങ്ങിൽ സന്നിഹിതരായി.

********************************

## കേന്ദ്ര സംഘം-പാലക്കാട് (ഇൻട്രോ)

RNU TVPM

നെല്ല് സംഭരണവുമായി ബന്ധപ്പെട്ട്, കർഷകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനായി എത്തിയ കേന്ദ്ര സംഘം പാലക്കാട് ജില്ലയിലെ സന്ദർശനം പൂർത്തിയാക്കി. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.**

(വോയ്സ്)

********************************

## ബിഎസ്എൻഎൽ-ജ്യോതിരാദിത്യ സിന്ധ്യ

രാജ്യവ്യാപകമായി ബിഎസ്എൻഎൽ 4-ജി സേവനം നാളെ മുതൽ ലഭ്യമാക്കുമെന്ന് കേന്ദ്ര വാർത്താവിനിമയ മന്ത്രി ജ്യോതിരാദിത്യ സിന്ധ്യ. ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ഒഡീഷയിൽ നിർവഹിക്കും. പൂർണമായും തദ്ദേശിയമായ സാങ്കേതിക വിദ്യകൾ ഉപയോഗിച്ചാണ് ബിഎസ്എൻഎൽ 4ജി സേവനങ്ങൾ നൽകുന്നത്. 5ജി

സേവനങ്ങളും ഈ വർഷം തന്നെ നൽകാനാണ് ബിഎസ്എൻഎൽ പദ്ധതിയിടുന്നത്.

---

## ബിഎസ്എൻഎൽ (ഇൻട്രോ)

ഫോൺ കണക്ഷനുകൾ എടുത്തവരുടെ എണ്ണത്തിലും വരുമാനത്തിൻറെ കാര്യത്തിലും ബിഎസ്എൻഎൽ കേരള സർക്കിൾ രാജ്യത്ത് ഒന്നാമതെത്തിയതായി ചീഫ് ജനറൽ മാനേജർ ആർ സജികുമാർ . ബിഎസ്എൻഎൽ 25-ാം വാർഷികത്തോടനുബന്ധിച്ച് ഉദ്ഘാടനം ചെയ്യുന്ന 4ജി ടവറുകളിൽ 317 എണ്ണം കേരളാ സർക്കിളിലാണെന്നും അദ്ദേഹം അറിയിച്ചു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി....**

(വോയ്സ്)

RNUTVPM

---

## പൊതുഅവധി

പൂജവെയ്പുമായി ബന്ധപ്പെട്ട് ഈ മാസം 30 ന് സംസ്ഥാനത്ത് പൊതു അവധി പ്രഖ്യാപിച്ച് സർക്കാർ ഉത്തരവിറക്കി. സർക്കാർ അർദ്ധസർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾക്കും, പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധി ബാധകമാണ്. എന്നാൽ നിയമസഭാ സമ്മേളനം മുൻ നിശ്ചയിച്ച പ്രകാരം നടക്കും.

---

## തിരുവോണം ബമ്പർ

നാളെ നടത്താൻ നിശ്ചയിച്ചിരുന്ന തിരുവോണം ബമ്പർ ഭാഗ്യക്കുറിയുടെ നറുക്കെടുപ്പ് ഒക്ടോബർ 4 - ലേക്ക് മാറ്റി.

ചരക്കു സേവന നികുതിയുടെ മാറ്റം, അപ്രതീക്ഷിതമായ കനത്ത മഴ എന്നിവയുമായി ബന്ധപ്പെട്ട് ടിക്കറ്റുകൾ പൂർണമായി വില്പന നടത്താൻ കഴിയാത്ത സാഹചര്യത്തിൽ ഏജന്റുമാരുടെയും വില്പനക്കാരുടെയും അഭ്യർഥന പരിഗണിച്ചാണ് നറുക്കെടുപ്പ് മാറ്റിവച്ചത്.

**************************

## ജി എസ് ടി

ഇന്ത്യയുടെ പരോക്ഷ നികുതി സമ്പ്രദായം ലളിതമാക്കുന്നതിനുള്ള സുപ്രധാന ചുവടുവയ്പ്പാണ് പുത്തൻ തലമുറ ജിഎസ്ടി പരിഷ്കാരങ്ങൾ എന്ന് കേന്ദ്രസർക്കാർ. ഈ മാസം 22 ന് പ്രാബല്യത്തിൽ വന്ന ജിഎസ്ടി ഘടന പരിഷ്കാരങ്ങൾ, നികുതി ഘടനയെ 5 ശതമാനം, 18 ശതമാനം എന്നിങ്ങനെ രണ്ടു സ്ലാബുകളാക്കി മാറ്റി. സാധാരണക്കാർക്കും, തൊഴിലാളികൾക്കും, കർഷകർക്കും ഏറെ പ്രയോജനം ചെയ്യുന്ന വിധത്തിലാണ് നിരക്ക് മാറ്റം.

**************************

## വിദേശകാര്യ വക്താവ്

RNU TVPM

പ്രധാനമന്ത്രി നരേന്ദ്രമോദിയും, റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ പുടിനുമായുള്ള ടെലഫോൺ സംഭാഷണം സംബന്ധിച്ച് നാറ്റോ സെക്രട്ടറി ജനറൽ മാർക്ക് റുട്ടേ നടത്തിയ പ്രസ്താവന അടിസ്ഥാനരഹിതമാണെന്ന് വിദേശകാര്യ മന്ത്രാലയം. ഇത്തരമൊരു സംഭാഷണം നടന്നിട്ടില്ലെന്ന് വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ അറിയിച്ചു. ഈ വർഷമിതുവരെ 2,417 ഇന്ത്യക്കാരെയാണ് അമേരിക്ക മടക്കി അയച്ചത്. റഷ്യൻ സേനയിൽ അവസരം വാഗ്ദാനം ചെയ്യുള്ള തട്ടിപ്പുകൾക്ക് നേരെ ജനങ്ങൾ ജാഗ്രത പുലർത്തണമെന്നും, ജീവന് തന്നെ ഭീഷണിയായി ഇത് മാറിയേക്കാമെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി. വിദേശകാര്യ മന്ത്രാലയത്തിൻറെ കണക്കു പ്രകാരം,

നിലവിൽ 27 ഇന്ത്യൻ പൗരന്മാരാണ് റഷ്യൻ സേനയിൽ പ്രവർത്തിക്കുന്നത്.

**************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

**************************

## സേവ പർവ് (ഇൻട്രോ)

പൊതുസേവനവും, സദ്ഭരണവും മുഖമുദ്രയാക്കിയ കേന്ദ്ര സർക്കാർ, ഇൻറർനെറ്റ് വിപ്ലവത്തിലൂടെ രാജ്യത്ത് സാധ്യമാക്കിയ പരിവർത്തനങ്ങളാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയായ സേവ പർവ്വിൽ ഇന്ന്...

(ഹോൾഡ്) (വോയ്സ്)

ബ്രോഡ്ബാൻഡിന്റെയും, അതിവേഗ മൊബൈൽ നെറ്റ്‌വർക്കുകളുടെയും പിന്തുണയോടെ നഗര-ഗ്രാമ ഭേദമില്ലാതെ രാജ്യം മാറ്റത്തിൻറെ പാതയിൽ മുന്നേറുകയാണ്. കേന്ദ്രസർക്കാരിൻറെ ഭാരത് നെറ്റ് പദ്ധതി ഇതിൽ നിർണായക പങ്കാണ് വഹിക്കുന്നത്. ഇൻറർനെറ്റ് ഉപയോഗത്തിൽ ഗ്രാമങ്ങൾ, നഗരങ്ങളെ മറികടക്കുന്ന അപൂർവ്വ കാഴ്ചയ്ക്കാണ് രാജ്യം സാക്ഷ്യം വഹിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു.

(പി എം-വോയ്സ്)

**************************

## അനൗൺസ്മെന്റ്

സേവാ പർവ്വിന്റെ ഭാഗമായി ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന, പ്രധാനമന്ത്രി

RNU TVPM

മത്സ്യ സമ്പദാ യോജനയെ കുറിച്ചുള്ള പ്രത്യേക ചർച്ച നാളെയും, മറ്റന്നാളും ഉച്ച കഴിഞ്ഞ് 3.30 ന് പ്രക്ഷേപണം ചെയ്യും. വിഴിഞ്ഞം ഐ സി എ ആർ- സെൻട്രൽ മെറൈൻ ഫിഷറീസ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ സീനിയർ സയന്റിസ്റ്റ് ഡോക്ടർ സൂര്യ എസ്സ് സംസാരിക്കും.

**************************

## എൽ മുരുഗൻ

കേന്ദ്ര സഹമന്ത്രി എൽ മുരുഗൻ രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് സംസ്ഥാനത്തെത്തും. മാതാ അമൃതാനന്ദമയിയുടെ 72-ആം ജന്മദിനത്തോടനുബന്ധിച്ച് കൊല്ലം അമൃത വിശ്വ വിദ്യാപീഠം ക്യാമ്പസിൽ നടക്കുന്ന അമൃത വർഷം പരിപാടിയിൽ കേന്ദ്രമന്ത്രി ജെ.പി നഡ്ഡയ്ക്കൊപ്പം അദ്ദേഹം നാളെ പങ്കെടുക്കും. കേന്ദ്ര സഹമന്ത്രി ജോർജ് കുര്യനും പരിപാടിയിൽ സന്നിഹിതനാവും.

RNU TVPM

**************************

## ജെ. പി. നദ്ദ -കൊല്ലം

ബി.ജെ.പി സംസ്ഥാനസമിതി യോഗം കൊല്ലത്ത് നാളെ പാർട്ടി ദേശീയ അധ്യക്ഷൻ ജെ. പി.നഡ്ഡ ഉദ്ഘാടനം ചെയ്യും. മുതിർന്ന നേതാക്കൾക്ക് പുറമേ, നാനൂറോളം പ്രതിനിധികൾ യോഗത്തിൽ പങ്കെടുക്കും. തദ്ദേശ തെരഞ്ഞെടുപ്പിന്റെ ഒരുക്കങ്ങളും, സമകാലിക വിഷയങ്ങളിലെ സമരപരിപാടികളും സംസ്ഥാന സമിതിയിൽ ചർച്ചയാകും.

**************************

## മഴ-സസ്ഥാനം

സംസ്ഥാനത്ത് അതിശക്തമായ മഴ തുടരുന്നു. തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ

വകുപ്പ് ഇന്ന് ഓറഞ്ച് ജാഗ്രത നൽകി. അഞ്ച് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. വടക്കൻ കേരളത്തിൽ നാളെ അതിശക്തമായ മഴയ്ക്ക് സാധ്യത. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നാളെ ഓറഞ്ച് ജാഗ്രതയാണ്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മറ്റന്നാൾ വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

**************************

## മഴ-തിരുവനന്തപുരം(ഇൻട്രോ)

കനത്ത മഴയെ തുടർന്ന് തിരുവനന്തപുരം ജില്ലയിൽ വെള്ളക്കെട്ട് രൂക്ഷം. PWD റോഡുകളിൽ കെട്ടികിടക്കുന്ന വെള്ളം അടിയന്തരമായി മാറ്റാൻ, മന്ത്രി വി ശിവൻകുട്ടിയുടെ നേതൃത്വത്തിൽനടന്ന അവലോകന യോഗത്തിൽ തീരുമാനമായി.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്....**

(വോയ്സ്)

RNU TVPM

**************************

## ഏഷ്യാ കപ്പ് ക്രിക്കറ്റ്

ഏഷ്യാ കപ്പ് ക്രിക്കറ്റ് സൂപ്പർ ഫോറിൽ ഇന്ത്യ ഇന്ന് ശ്രീലങ്കയെ നേരിടും. ദുബായ് ഇൻറർനാഷണൽ സ്റ്റേഡിയത്തിൽ രാത്രി 8 മണിക്കാണ് മത്സരം. ഇന്ത്യയും പാകിസ്ഥാനുമായുള്ള ഫൈനൽ മത്സരം മറ്റന്നാൾ നടക്കും .

**************************

## പുലിയുടെ അക്രമം-വയനാട്

വയനാട് പുലിയുടെ ആക്രമണത്തിൽ വിദ്യാർത്ഥിക്ക് പരിക്ക്. തിരുനെല്ലി കാരമാട് ഉന്നതിയിലെ സുനീഷിനാണ് വീടിന് സമീപം

വച്ച് ഇന്നുച്ചയോടെ പരിക്കേറ്റത്. ആറോളം കുട്ടികൾ ഒന്നിച്ച് വരുന്നതിനിടയിലാണ് പുലിയുടെ ആക്രമണമുണ്ടായത്. പ്രദേശത്ത് വനം വകുപ്പ് തിരച്ചിൽ നടത്തി.

**************************

## സ്വസ്ഥ് നാരി സശക്ത് പരിവാർ അഭിയാൻ

സ്വസ്ഥ് നാരി സശക്ത് പരിവാർ ഇടുക്കി ജില്ലാതല ക്യാമ്പയിൻ മുരിക്കാശ്ശേരിയിൽ നടന്നു. ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ വഴി സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യസംരക്ഷണം ഉറപ്പാക്കുന്നതിനുള്ള ക്യാമ്പയിൻറെ ജില്ലാതല ഉദ്ഘാടനം ഇടുക്കി എം പി ഡീൻ കുര്യാക്കോസ് നിർവഹിച്ചു .

**************************

## മൻ കി ബാത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 28 ന് രാവിലെ 11 മണിക്ക്. പരിപാടിയുടെ 126-ാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശൻറെയും മുഴുവൻ ശൃംഖലകളും മൻ കി ബാത്ത് പ്രക്ഷേപണം ചെയ്യും.

RNU TVPM

**************************

## മൂഴിയാർ

പത്തനംതിട്ട മൂഴിയാർ ഡാമിന്റെ വൃഷ്ടി പ്രദേശത്ത് ശക്തമായ മഴയെ തുടർന്ന് ഡാമിലെ ജലനിരപ്പ് 190 മീറ്റർ എത്തി. ജലനിരപ്പ് പരമാവധി നിലയായ 192.63 മീറ്റർ എത്തിയാൽ ഡാമിന്റെ ഷട്ടറുകൾ ഉയർത്തി ജലം കക്കാട്ട് ആറിലേക്ക് ഒഴുക്കി വിടും. പൊതുജനങ്ങൾ ജാഗ്രത പുലർത്തണമെന്ന് ജില്ലാ കലക്ടർ അറിയിച്ചു.

*****************************************************************************